# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4063

26/06/2013-ൽ ഇടക്കാല
മറുടി നൽകിയിരുന്നത്

## സ്കൂളുകളിൽ ജലസംരക്ഷണ ബോധവൽക്കരണ പരിപാടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജലസംരക്ഷണ ബോധവൽക്കരണത്തിന് നടപടി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) **സി..സി..ഡി..യു**<br>സംസ്ഥാനത്തെ സ്കൂളുകളിൽ ജലസംരക്ഷണ ബോധവൽക്കരണത്തിന് നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>**ജലനിധി**<br>ഉണ്ട്. ജലനിധി പദ്ധതി നടപ്പാക്കാനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ സ്കൂളുകളിൽ ജലസംരക്ഷണ ബോധവൽക്കരണം നടത്തുന്നുണ്ട് |
| ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) **സി..സി..ഡി..യു**<br>വിദ്യാർത്ഥികളിൽ ജലവിഭവങ്ങളുടെ കൃത്യമായ വിനിയോഗം, ജലഗുണ നിലവാരം, മഴവെള്ള സംഭരണം, ഭൂജലപരിപോഷണം, എന്നിവ ശീലിപ്പിച്ച് പുതിയ ഒരു ജല വിനിയോഗ സംസ്കാരം രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം . ജലവിഭവവകുപ്പിന്റെ കീഴിലുള്ള സി..സി..ഡി..യു വിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളെ ജല സൗഹൃദ ക്യാമ്പസുകളാക്കി മാറ്റുന്നതിനുള്ള 'ജലശ്രീ ക്ലബ്ബ്'കളിൽ കൂടിയാണ് ബോധവൽക്കരണപരിപാടികൾ ആവിഷ്ക്കരിക്കുന്നത്.<br><br>**ജലനിധി**<br>കുട്ടികളിൽ ജലസാക്ഷരത നൽകുക, ശുചിത്വ ആരോഗ്യ കാര്യങ്ങളെക്കുറിച്ചും ജലജന്യരോഗങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുക, എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ |

| | | | |
|---|---|---|---|
| സി) | എത്ര തുക അനുവദിച്ചിട്ടുണ്ട്; | സി) | **സി..സി..ഡി..യു**<br><br>ഈ പദ്ധതിയ്ക്ക് തുക അനുവദിച്ചിട്ടില്ല<br><br>**ജലനിധി**<br>ജലനിധി പഞ്ചായത്തുകളിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് 30,000/ (മുപ്പതിനായിരത്തോളം) രൂപ ചെലവഴിക്കാവുന്നതാണ്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ഡി) | **സി..സി..ഡി..യു**<br><br>കഴിഞ്ഞ അധ്യായന വർഷം സി.സി.ഡി.യു 2400 അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ജില്ലാടിസ്ഥാനത്തിൽ പരിശീലനം നല്കുകയും ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയ ജല സംരക്ഷണ വിദ്യാഭ്യാസ വിനിമയ പ്രസിദ്ധീകരണങ്ങൾ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കും അയച്ചു കൊടുക്കുകയുമുണ്ടായി.. ഈ വർഷം ക്ലബ്ബിൽ അംഗമാകുന്നതിനായിഎല്ലാ സ്കൂളുകളിലേയ്ക്കും അപേക്ഷാഫോറവും മാർഗ്ഗ നിർദ്ദേശങ്ങളും അയച്ചുകൊടുത്തിട്ടുണ്ട്. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ പുരോഗമിയ്ക്കുന്നു.<br><br>**ജലനിധി**<br>ജലനിധി പദ്ധതി നടപ്പിലാക്കുവാനായി ഇതിനോടകം തെരഞ്ഞെടുത്ത 87 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടത്തിപ്പിന് സഹായം നൽകാനായി ചുമതലപ്പെടുത്തിയിട്ടുള്ള സംഘടനകൾക്ക് ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ